കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല-ചേലക്കര ഗ്രാമ പഞ്ചായത്ത് - നിയമാനുസൃതമല്ലാത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1399/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 4-6-2014

**പരാമർശം :-**

1. ചേലക്കര ഗ്രാമ പഞ്ചായത്തിന്റെ 14/3/2014 ലെ 16, 24/3/2014 ലെ 2 എന്നീ നമ്പർ തീരുമാനങ്ങൾ
2. ചേലക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 25/3/2014 ലെ എ.9423/2014 നമ്പർ സർക്കാർ കത്ത്

<u>ഉത്തരവ്</u>

ശ്രീമതി.ബീവാത്തുമ്മ, ശ്രീമതി. അമ്മിണി വറതപ്പൻ എന്നീ വ്യക്തികൾ കൈയേറിയ ചേലക്കര വില്ലേജ് സർവ്വേ 263 ൽപ്പെട്ട റോഡ് പുറമ്പോക്ക് അവർക്ക് തന്നെ പതിച്ച് നല്കാനുള്ള ചേലക്കര ഗ്രാമ പഞ്ചായത്തിന്റെ പരാമർശം(1) തീരുമാനങ്ങൾ നിയമാനുസൃതമുള്ളതല്ലാത്തതിനാൽ പുനരവലോകനം ചെയ്യണമെന്ന് ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം(2) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചു.

ബഹു.ഹൈക്കോടതിയിലെ റിട്ട് അപ്പീൽ 1833/04 നമ്പർ കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാളുകളെ പ്രസ്തുത സ്ഥലത്ത് നിന്നും ഒഴിപ്പിക്കണമെന്ന് 7/1/2006 ലെ സ.ഉ.(സാധാ)നം 56/2006/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിരുന്നതും അവർക്ക് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങി വീട് നിർമ്മിച്ച് നല്കിയെങ്കിലും ടി പുറമ്പോക്കിൽ നിന്നും ഒഴിയാതെ ഇരുവരും കൈവശപ്പെടുത്തി വെച്ചിരിക്കുന്നതും അതിനാൽ ഓഡിറ്റ് ഒബ്ജക്ഷൻ നിലവിലുള്ളതുമാണ്.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 169 വകുപ്പ്, ഷെഡ്യൂൾ 3 എന്നിവ പ്രകാരം റോഡുകളുടെ സംരക്ഷണം അതാത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. അവയിലെ കൈയേറ്റം 1996-ലെ കേരള പഞ്ചായത്ത് രാജ് (കൈയേറ്റം ഒഴിപ്പിക്കലും അനധികൃതമായി കൈവശം വെക്കുന്നതിന് പിഴയീടാക്കലും ) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഒഴിവാക്കേണ്ടതാണ്. ആയതിനാൽ ടി തീരുമാനങ്ങൾ നിയമപരമല്ലാത്തതും ഗ്രാമ പഞ്ചായത്തിന്റെ അധികാരങ്ങൾക്ക് അതീതവുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചേലക്കര ഗ്രാമ പഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191(2) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു.ഓംബുഡ്സ്മാന്റെ പരിഗണനക്ക് അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള
ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ളക്സ്, പാളയം ,തിരുവനന്തപുരം
(24850/ആർസി4/2014/തസ്വഭവ നമ്പർ ഫയൽ സഹിതം)
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , തൃശ്ശൂർ
പ്രസിഡന്റ്/സെക്രട്ടറി, ചേലക്കര ഗ്രാമ പഞ്ചായത്ത്, ചേലക്കര, തൃശ്ശൂർ 680586
ജില്ലാ കളക്ടർ, തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.